മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ

212 (4798) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബഹുവകുപ്പും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഭൂമി അനുവദിച്ച് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ, പട്ടികവർഗ്ഗക്കാരിയായ അപേക്ഷക മിശ്ര വിവാഹിതയാണ് എന്ന കാരണത്താൽ അപേക്ഷ സ്വീകരിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാരിയായ അപേക്ഷകയ്ക്ക് ഭൂമി നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായെന്ന വ്യക്തമാക്കാമോ ;

(സി) മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്ന സർക്കാർ, മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം പുനഃപരിശോധിക്കുമോ ;

(ഡി) മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് എത്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇടുക്കി ജില്ലയിൽ മിശ്രവിവാഹിതരായ എത്ര പേരുടെ അപേക്ഷകൾ നിഷേധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(എഫ്) മിശ്രവിവാഹിതരായവരുടെ അപേക്ഷ വീണ്ടും പരിഗണിച്ച് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മിശ്രവിവാഹം ചെയ്ത കുടുംബങ്ങളിൽ കുടുംബനാഥൻ പട്ടികവർഗ്ഗക്കാരൻ ആയിരുന്നാൽ മാത്രമെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി അനുവദിക്കുന്ന പദ്ധതി പ്രകാരം ഭൂമി നൽകുകയുള്ളൂ. പട്ടികവർഗ്ഗക്കാരിയായ അപേക്ഷക മിശ്രവിവാഹിതയാണെങ്കിൽ നിലവിൽ അപേക്ഷ പരിഗണിക്കുകയില്ല.

(ബി&സി) മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാരിയായ അപേക്ഷയ്ക്ക് ഭൂമി വാങ്ങി നൽകുമ്പോൾ നിലവിലെ നിയമമനുസരിച്ച് ഗുണഭോക്താവിന്റെ കാലശേഷം പട്ടികവർഗ്ഗക്കാരുടെ ഭൂമി പട്ടികവർഗ്ഗക്കാരല്ലാത്തവരുടെ കൈവശം വന്നു ചേരാൻ സാധ്യതയുണ്ട്. കൂടാതെ അപേക്ഷകൾ സമർപ്പിക്കുന്നതിലും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലും മുന്നോക്ക വിഭാഗക്കാരായ മിശ്രവിവാഹിതരുടെ മുൻപിൽ പട്ടികവർഗ്ഗക്കാർ പിൻതള്ളപ്പെട്ടു പോകാൻ ഇടയുണ്ട്. ആയതിനാൽ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി അനുവദിക്കുന്ന കാര്യത്തിൽ കുടുംബനാഥൻ പട്ടികവർഗ്ഗക്കാരനായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്ന കാര്യം കൊണ്ടുമാത്രം മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കുന്നതായി കണക്കാക്കാവുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ 50,000 രൂപ ധനസഹായം നൽകുന്നുണ്ട്.

(ഇ) ഇടുക്കി ജില്ലയിൽ ഭൂമി വാങ്ങുന്നതിനായി ലഭിച്ച മിശ്രവിവാഹിതരുടെ നിലവിലുള്ള നിയമപ്രകാരം അർഹരായ 18 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

(എഫ്) നിലവിലുള്ള ഉത്തരവ് പ്രകാരം നിരസിച്ച അപേക്ഷകൾ പരിഗണനാർഹമല്ല

നാടക പരിശീലന കളരി

213 (4799) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരിനാഥൻ:
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ് കാര്യവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടക കലയെ പ്രോത്സാഹിപ്പിക്കുന്നതിന് യുവജനങ്ങൾക്കായി നാടക പരിശീലന കളരി നടത്താനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവാക്കളായ നാടക കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ തനത് കലയായ നാടകത്തിലേയ്ക്ക് യുവാക്കളെ ആകർഷിപ്പിക്കുന്നതിനും വേണ്ടിയാണ് 'നാടിക' എന്ന പേരിൽ നാടക കലയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നാടക ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നത്.

(സി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 'നാടിക' എന്ന പേരിൽ 2 വർഷങ്ങളായി നാടക കളരികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലാതലങ്ങളിൽ നാടക കലയോട് ആഭിമുഖ്യമുള്ള 15 യുവതീയുവാക്കളെ കണ്ടെത്തി, അവരെ പരിശീലിപ്പിക്കുകയും, അവർ തന്നെ എഴുതി ചിട്ടപ്പെടുത്തി ഒരു നാടകം രൂപപ്പെടുത്തുകയും ഈ നാടകങ്ങൾ സംസ്ഥാന തലത്തിൽ നടക്കുന്ന നാടികയിൽ നാടക ആചാര്യന്മാർക്ക് മുന്നിൽ അവതരിപ്പിച്ച് വിലയിരുത്തലിന് വിധേയമാക്കുകയും ചെയ്യുന്നു. ഈ വർഷം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് 2015 മാർച്ച് 25 മുതൽ 27 വരെ സംസ്ഥാനതല നാടിക നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly